CYAN MAGENTA YELLOW BLACK

# പ്രതിച്ഛായ

www.pratichaya.com

●വാല്യം 2 ●ലക്കം 36 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ●2009 മെയ് 27

## ചരിത്രം സൃഷ്ടിച്ചുകൊണ്ടു ജോസ് കെ. മാണിയുടെ വിജയം



**കോ**ട്ടയം പാർലമെണ്ടു മണ്ഡലത്തിൽ യുഡിഎഫ് സ്ഥാനാർത്ഥി ജോസ് കെ. മാണിക്കു ലഭിച്ചതു തിളക്കമേറിയ വിജയം. കഴിഞ്ഞ പതിനഞ്ചുവർഷം മണ്ഡലം കുത്തകയാക്കിയ ഇടതുപക്ഷത്തിന്റെ വികസനവിരുദ്ധനയങ്ങൾക്കു കനത്ത ആഘാതം ഏല്പിച്ചുകെണ്ടാണു കേരളാ കോൺഗ്രസിലൂടെ യുഡിഎഫ് കോട്ടയം തിരിച്ചു പിടിച്ചിരിക്കുന്നത്.

1984ൽ കേരളാ കോൺഗ്രസിന്റെ കൈയിൽ നിന്നാണ് മാർക്സിസ്റ്റു സ്ഥാനാർത്ഥി സുരേഷ് കുറുപ്പ് കോട്ടയം മണ്ഡലം തട്ടിയെടുത്തത്. പിന്നീട് രമേശ് ചെന്നിത്തലയിലൂടെ യുഡിഎഫ് മണ്ഡലം തിരിച്ചുപിടിച്ചെങ്കിലും വീണ്ടും അതു സുരേഷ് കുറുപ്പിന്റെ കൈയിലൊതുങ്ങി. തുടർച്ചയായി നാലു തവണ വിജയം ആവർത്തിച്ച സിപിഎം, ജനാധിപത്യകക്ഷികളുടെ ശക്തികേന്ദ്രമായ കോട്ടയത്തെ ലൊട്ടുലൊടുക്കു സൂത്രപ്പണികളിലൂടെ തുടരെ ചുവപ്പണിയിച്ചു പോരുകയായിരുന്നു. അതിനൊരന്ത്യം കുറിക്കാൻ കേരളാ കോൺഗ്രസിന്റെ യുവനേതാവു ജോസ് കെ. മാണിക്കിപ്പോൾ കഴിഞ്ഞിരിക്കുന്നു.

കോട്ടയം പാർലമെണ്ട് മണ്ഡലത്തിലെ ഏഴ് അസംബ്ലി നിയോജകമണ്ഡലങ്ങളിൽ ആറിലും വ്യക്തമായ ലീഡു നേടിക്കൊണ്ടാണു ജോസ് കെ. മാണി വിജയം കൈവരിച്ചിരിക്കുന്നത്. ഇടതുപക്ഷത്തിന്റെ കോട്ടയായ വൈക്കം നിയോജകമണ്ഡലത്തിൽ 2006ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ അവർക്കു ലഭിച്ച 8781 വോട്ടിന്റെ ഭൂരിപക്ഷം വെറും 1827 ആയി കുറയ്ക്കാനും ജോസ് കെ. മാണിക്കു കഴിഞ്ഞു.

2004ലെ പാർലമെണ്ട് തെരഞ്ഞെടുപ്പിൽ കടുത്തുരുത്തിയിലൊഴികെ എല്ലാ മണ്ഡലങ്ങളിലും ലീഡു നേടിയ ഇടതുസ്ഥാനാർത്ഥി കുറുപ്പിന് ലഭിച്ച ഭൂരിപക്ഷം 42914 വോട്ടായിരുന്നു. എന്നാൽ ഇത്തവണ ജോസ് കെ. മാണി നേടിയ ഭൂരിപക്ഷം ഇടതുപക്ഷത്തെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചുകളഞ്ഞു- 73531. കോട്ടയം പാർലമെണ്ടു മണ്ഡലത്തിൽ നാളിതുവരെ ആർക്കും ലഭിച്ചിട്ടില്ലാത്ത ഭൂരിപക്ഷം.

പാലായിൽ 24351 വോട്ടും കടുത്തുരുത്തിയിൽ 20286 വോട്ടും കൂടുതൽ നേടിയ ജോസ് കെ. മാണിക്കു പ്രതിപക്ഷനേതാവിന്റെ മണ്ഡലം പുതുപ്പള്ളിയും വൻ ലീഡു നല്കി -16466. പിറവം 7368, ഏറ്റുമാനൂർ 3621, കോട്ടയം 1459 എന്ന ക്രമത്തിലും ഭൂരിപക്ഷം ലഭിച്ചു.

എന്നാൽ 2264 പോസ്റ്റൽ വോട്ടുകളിൽ കുറുപ്പിന് 154 വോട്ടുകൾ കൂടുതൽ കിട്ടി. കേരളത്തിലെ സർവീസ് സെക്ടർ ചുവപ്പിന്റെ പിടിയിൽ എത്ര അപകടകരമാംവിധം അമർന്നുപോയിരിക്കുന്നു എന്നതിന്റെ സൂചനയായി ഇതു തിരിച്ചറിയേണ്ടിയിരിക്കുന്നു.

ജോസ് കെ. മാണി ജനങ്ങൾക്കു വാഗ്ദാനം ചെയ്തതു വികസനോന്മുഖമായ ഒരു കർമപരിപാടിയാണ്. കർമോത്സുകതയാണ്, ഒരു ജനപ്രതിനിധിയുടെ ജനനന്മ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളെ ചലനാത്മകമാക്കേണ്ടത് എന്നും അദ്ദേഹം വിശ്വസിക്കുന്നു. അക്രമരാഷ്ട്രീയത്തിന്റെയും വിഭാഗീയ പ്രവർത്തനങ്ങളുടെയും ഇടവഴികളോട് അദ്ദേഹത്തിനു തീരെ താത്പര്യമില്ല.

അതുകൊണ്ടുതന്നെ രാഷ്ട്രീയവിവാദങ്ങളിൽ അദ്ദേഹം ഒരിക്കലും പങ്കുചേരാറില്ല. രാഷ്ട്രീയപ്രവർത്തനം ജനജീവിതത്തിന്റെ എല്ലാ മേഖലകളെയും ക്രിയാത്മകവും സംശുദ്ധവുമാക്കണമെന്ന വേറിട്ട കാഴ്ച്ചപ്പാടാണു അദ്ദേഹത്തിനുള്ളത്. ജോസ് കെ. മാണിയുടെ വിജയം ഒരു പുതിയ രാഷ്ട്രീയ സംസ്കാരത്തിനു വഴിതെളിക്കും എന്നുതന്നെ പറയാം.

ജോസ് കെ. മാണി
ഇന്ത്യൻ രാഷ്ട്രീയത്തിലെപുതിയ വാഗ്ദാനം 11

## ഇന്ത്യ തിളങ്ങുകയാണ്

### സോണിയാ – മൻമോഹൻ നേതൃത്വത്തിൽ

**പ്രൊഫ. കെ. രാജേന്ദ്രപ്രസാദ്**



*സോണിയാ ഗാന്ധിയും മൻമോഹൻ സിംഗും*

**പ**തിനഞ്ചാം ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പു പ്രക്രിയ പൂർത്തിയായി. 72 കോടി ജനങ്ങൾ വോട്ടവകാശം രേഖപ്പെടുത്തിയ ഈ തെരഞ്ഞെടുപ്പ് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ കൂട്ടായ്മയാണ്. അമേരിക്കൻ പ്രസിഡണ്ട് ഒബാമ, ഫ്രഞ്ചുപ്രസിഡണ്ട് സാർക്കോസി തുടങ്ങിയ ലോകനേതാക്കൾ പോലും ഇക്കാര്യത്തിൽ ഇന്ത്യയെ പ്രശംസിക്കുകയും ചെയ്തു.

ഇന്ത്യൻ ജനതയുടെ രാഷ്ട്രീയ പ്രബുദ്ധത വിളിച്ചോതിയ തെരഞ്ഞെടുപ്പാണ് ഇപ്പോൾ നടന്നത്. ആർക്കും ഭൂരിപക്ഷമില്ലാത്ത ഒരു തൂക്കു പാർലമെണ്ടായിരിക്കും നിലവിൽ വരിക എന്ന എക്സിറ്റ് പോൾ പ്രവചനങ്ങളെയെല്ലാം നിരർത്ഥകമാക്കിക്കൊണ്ട് യുപിഎയ്ക്കു വ്യക്തമായ മേൽക്കൈ നല്കിയ ജനവിധിയാണുണ്ടായത്.

എല്ലാവരെയും അമ്പരപ്പിച്ചത് കോൺഗ്രസ് നേടിയ വിജയമാണ്. ദേശീയ തലത്തിൽ സഖ്യം വേണ്ട പ്രാദേശിക തലത്തിൽ ധാരണ മാത്രം മതി എന്ന രാഷ്ട്രീയ നിലപാടു കോൺഗ്രസിനു വിനയാകും എന്നു പൊതുവെ കരുതപ്പെട്ടിരുന്നു.

>> 18




| പാർട്ടി | സീറ്റ് | നേട്ടം/നഷ്ടം | വോട്ടുശതമാനം |
|---|---|---|---|
| കോൺഗ്രസ് | 206 | 61 | 29.67 |
| ബിജെപി | 116 | −22 | 19.29 |
| ജനതാദൾ (യു) | 20 | 12 | 1.58 |
| സിപിഎം | 16 | −27 | 5.52 |
| സിപിഐ | 4 | −6 | 1.46 |
| ബിഎസ്പി | 21 | 2 | 6.27 |
| ഡിഎംകെ | 18 | 2 | 1.91 |
| എഐഎഡിഎംകെ | 9 | 9 | 1.79 |
| തൃണമൂൽ കോൺഗ്രസ് | 19 | 17 | 3.43 |
| എൻസിപി | 9 | 0 | 2.24 |
| സമാജ് വാദി പാർട്ടി | 23 | −13 | 3.44 |
| തെലുങ്കുദേശം പാർട്ടി | 6 | 1 | 1.53 |
| ശിവസേന | 11 | −1 | 1.67 |
| രാഷ്ട്രീയലോക്ദൾ | 4 | −20 | 1.31 |
| ടി.ആർ.എസ് | 2 | −3 | 0.63 |
| ബിജെഡി | 14 | 3 | 1.35 |
| ജനതാദൾ (എസ്) | 3 | 0 | 0.89 |
| ജെഎംഎം | 2 | −3 | 0.43 |
| മുസ്ലീം ലീഗ് | 2 | 1 | 0.23 |
| കേരളാ കോൺഗ്രസ് (എം) | 1 | 1 | 0.14 |
| സ്വതന്ത്രർ | 9 | 2 | 4.16 |
| മറ്റുള്ളവർ | 16 | −9 | 8.4 |

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക
വാല്യം 2 ലക്കം 36
2009 മെയ് 27
പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

*സ്വന്തം നന്മയെപ്പറ്റി മാത്രം ചിന്തിക്കുന്നവന്റെ മരണം ലോകത്തിന് ഒരു നന്മയാണ്.*

*– തെർ ഇല്യൻ*

# ജനദ്രോഹത്തിനു ലഭിച്ച സമ്മാനം !

ഇങ്ങനെയാണ് ജനങ്ങൾ പാഠം പഠിപ്പിക്കുന്നത്. അവർ തെരഞ്ഞെടുത്ത് അയയ്ക്കുന്ന ജനപ്രതിനിധികൾ ജനഹിതം തീരെ മാനിക്കുന്നില്ലെന്നും ജനാധിപത്യ വിരുദ്ധമായി പ്രവർത്തിക്കുന്നുവെന്നും വന്നാൽ കുറ്റക്കാരെ ശിക്ഷിക്കാനുള്ള ഏറ്റവും മൂർച്ചയേറിയ ആയുധം തന്നെ അവരുപയോഗിക്കും. അതിന്റെ പേരാണു വോട്ടവകാശം.

കേരളത്തിലെ ജനങ്ങൾ ഇത്തവണ അത് നന്നായി വിനിയോഗിച്ചു, 2004ൽ ഏറെ പ്രതീക്ഷയോടെ പാർലമെണ്ടിലേക്കയച്ച ഇടതുപ്രതിനിധികളുടെ എണ്ണം 20ൽ 18 ആയിരുന്നു. അവരിലൊരാൾ മാത്രമേ ഇത്തവണ ഇന്ദ്രപ്രസ്ഥം കാണുകയുള്ളൂ. കാസർകോഡു നിന്നു വിജയിച്ച പി.കരുണാകരൻ.

ഇടതു ജയിച്ചാലും വലതു ജയിച്ചാലും പാർലമെണ്ടിൽ എല്ലാകൈകളും ഒരുമിച്ചുയരും എന്നറിയാവുന്ന കേരളജനത അന്നത്തെ യുഡിഎഫ് ഭരണത്തിനൊരു ഷോക് ട്രീറ്റ്മെന്റ് കൂടിയാകട്ടെ എന്നു കരുതിയാണ് ഇടതുപക്ഷത്തിന് കനത്ത വിജയം നല്കിയത്. പക്ഷേ, കേന്ദ്രത്തിൽ യുപിഎ ഗവൺമെണ്ടിനു പിന്തുണ കൊടുക്കുന്നു എന്ന വ്യാജേന ജനക്ഷേമകരമായ എല്ലാ നടപടികൾക്കും തടയിടുകയായിരുന്നു സിപിഎമ്മിന്റെ ഇഷ്ടവിനോദം! അതിനുള്ള ശിക്ഷ കേരളത്തിൽ മാത്രമല്ല അഖിലേന്ത്യാ തലത്തിലും ജനങ്ങൾ സിപിഎമ്മിനു നല്കി. 2004ൽ 43 എംപിമാരുണ്ടായിരുന്ന സിപിഎമ്മിന് 2009ൽ കിട്ടിയിരിക്കുന്നത് 16 പേർ! കഴിഞ്ഞ മൂന്ന് ദശകങ്ങളായി ചുവപ്പുകൊടി പാറിനിന്ന ബംഗാളിൽ ഇത്തവണ കൊടി താഴ്ന്നു. 42ൽ 9 സീറ്റിൽ മാത്രമേ സിപിഎമ്മിനു ജയിക്കാൻ കഴിഞ്ഞുള്ളൂ.

ഇത്തവണ കേരളജനത ഇടതുമുന്നണിക്കെതിരെ വിധിയെഴുതിയതെന്തുകൊണ്ടാണ്? 2001ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ യുഡിഎഫിനു വൻ ഭൂരിപക്ഷം കിട്ടിയപ്പോൾ തികഞ്ഞ യാഥാർത്ഥ്യബോധത്തോടെ ഏ.കെ. ആന്റണി ഒരു വസ്തുത ചൂണ്ടിക്കാണിച്ചു. ഇത് ജനങ്ങൾ യുഡിഎഫിനോടുള്ള സ്നേഹം കൊണ്ടു നല്കിയ വിജയമല്ല. എൽഡിഎഫിനോടുള്ള വെറുപ്പുകൊണ്ട് സഹികെട്ട് നല്കിയതാണ്.

ഇത്തവണയും അതുതന്നെയാണ് സംഭവിച്ചിരിക്കുന്നത്. സംസ്ഥാനത്ത് യുഡിഎഫ് തരംഗമാണെന്നാണ് ചില മാധ്യമങ്ങൾ ജനാഭിപ്രായത്തെ വിശേഷിപ്പിക്കുന്നത്. അതു ശരിയാണെന്നു തോന്നുന്നില്ല. ഇടതുപക്ഷ വിരുദ്ധ തരംഗമെന്നേ അതിനെ വിലയിരുത്താനാവൂ. മറിച്ചു കരുതിയാൽ യുഡിഎഫായിരിക്കും കബളിപ്പിക്കപ്പെടുക.

2006 മെയ് 18നു സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ ഇടതുപക്ഷ ഗവൺമെണ്ട് ജൂൺ 22നു നിയമസഭയിൽ അവതരിപ്പിച്ച് 27നു പാസ്സാക്കിയ സ്വാശ്രയ പ്രൊഫഷണൽ കോളജു നിയമം വിദ്യാഭ്യാസരംഗം മാത്രമല്ല പൊതുജീവിതം തന്നെ ആകെ അസ്വസ്ഥമാകാൻ കാരണമായി. ന്യൂനപക്ഷങ്ങൾ സർക്കാരിനെതിര പരസ്യപ്രക്ഷോഭത്തിനിറങ്ങി. ഒപ്പം പുതിയ ബില്ലിനെതിരെ കോടതിയെ സമീപിക്കുകയും ചെയ്തു. ഈ തീരുമാനം ഇഷ്ടപ്പെടാതെ പോയ സിപിഎം ന്യൂനപക്ഷങ്ങൾക്കെതിരെ കർശന നിലപാടെടുത്തു. മതാധ്യക്ഷന്മാരെയും സമുദായികാചാര്യന്മാരെയും അവഹേളിച്ചു. സർക്കാരിനെതിരെ രണ്ടാം വിമോചനസമരം നടത്തേണ്ടി വരുമെന്ന് മുന്നറിയിപ്പുണ്ടായി.

ഈ ബഹളത്തിനിടയിലാണു തിരുവാമ്പാടി എംഎൽഎ മത്തായി ചാക്കോ അന്തരിക്കുകയും അവിടെ ഉപതെരഞ്ഞെടുപ്പുണ്ടാവുകയും ചെയ്തത്. സർക്കാരിനെതിരെ ജനവികാരം ശക്തമാണെന്ന തോന്നലുണ്ടായിരുന്നെങ്കിലും ഉപതെരഞ്ഞെടുപ്പിൽ സിപിഎം സ്ഥാനാർത്ഥി വിജയം നേടി. ഇതോടെ മതമേലധ്യക്ഷന്മാരും സമുദായ നേതൃത്വവുമൊക്കെ എന്തുപറഞ്ഞാലും ജനങ്ങൾ തങ്ങളോടൊപ്പമുണ്ടെന്ന മിഥ്യാധാരണയിൽ മാർക്സിസ്റ്റു നേതൃത്വം സ്വയം മറന്നു. എതിരഭിപ്രായം പറഞ്ഞവരെ മുഴുവൻ പുലഭ്യം പറഞ്ഞും എതിർ നിലപാടു സ്വീകരിച്ച സമുദായങ്ങളുടെ സ്ഥാപനങ്ങൾക്കുനേരെ അക്രമം അഴിച്ചുവിട്ടും കേരളത്തെ ബംഗാൾ പോലെ ചുവപ്പിച്ചെടുക്കാൻ അവർ കോപ്പുകൂട്ടി.

ഇതോടൊപ്പം കൂടെ നില്ക്കുന്ന ഘടകകക്ഷികളെ അപമാനിക്കലും അവർക്കൊരു വിനോദമമായി. പല ഘട്ടങ്ങളിലായി കോൺഗ്രസ് (എസ്) , ആർഎസ്പി, ജനതാദൾ, സിപിഎം തുടങ്ങിയവരൊക്കെ സിപിഎമ്മിന്റെ വല്യേട്ടൻ കളിയുടെ ഇരകളായി. ഇതിനിടയിൽ സിപിഎമ്മിലെ രൂക്ഷമായ ആഭ്യന്തര കുഴപ്പങ്ങളും. മുഖ്യമന്ത്രി അച്യുതാന്ദനെ പരമാവധി ദുർബലപ്പെടുത്താൻ പാർട്ടി സെക്രട്ടറി പിണറായി വിജയൻ കിട്ടിയ അവസരമൊന്നും പാഴാക്കിയില്ല. പക്ഷേ ഉരുളയ്ക്കുപ്പേരി പോലെ മറുപടി കൊടുത്തുകൊണ്ടും അടവുകൾ പയറ്റിയും മുഖ്യമന്ത്രിയും സട വിടർത്തി നിന്നു. ഇതു സഹിക്കാനാവുന്നതിലധികമായപ്പോൾ രണ്ടുപേരെയും പാർട്ടി പോളിറ്റ് ബ്യൂറോയിൽ നിന്ന് പുറത്താക്കുകയും പിന്നെ തിരിച്ചെടുക്കുകയും ചെയ്ത പൊറാട്ടു നാടകവും കേരള ജനത കണ്ടു.

പക്ഷേ, രണ്ടു നേതാക്കളും എതിരാളിയുടെ ചോരകൊതിച്ച് ഇപ്പോഴും കലിതുള്ളി നില്ക്കുകയാണ്. നവകേരളമാർച്ചിന്റെ പേരിൽ അവർ കൊമ്പുകോർത്തു. ലാവ്ലിൻ അഴിമതിക്കേസിൽ ഒളിച്ചുകളി നടത്തിക്കൊണ്ട് മുഖ്യമന്ത്രി നടത്തുന്ന നാടകം ഇപ്പോൾ പല അങ്കങ്ങൾ പിന്നിട്ടു കഴിഞ്ഞു. സ്വന്തം പാർട്ടി തെരഞ്ഞെടുപ്പിൽ തോറ്റു തുന്നംപാടണമെന്ന്, ഈശ്വരവിശ്വാസി അല്ലെങ്കിലും നിശ്ശബ്ദം നേർച്ച നേർന്നു പ്രാർത്ഥിച്ച ഒരു മുഖ്യമന്ത്രി തെരഞ്ഞെടുപ്പ് ഫലം വന്നതിനു പിന്നാലെ മാധ്യമങ്ങൾക്ക് മുന്നിൽ ആർത്തു ചിരിക്കുന്നതും നമ്മൾ കണ്ടു. മറുപടിയൊന്നുമില്ലാതെ പാർട്ടി സെക്രട്ടറി മാത്രം മൗനം പാലിക്കുന്നു!

തെരഞ്ഞെടുപ്പ് ഫലം വരുമ്പോൾ എല്ലാ പ്രവാചകന്മാരും ഞെട്ടാൻ തയ്യാറായിരുന്നുകൊള്ളണം എന്നു പിണറായി വിജയൻ മുന്നറിയിപ്പു നല്കിയിരുന്നു. അറംപറ്റിയ പ്രസ്താവന! ഇത്രയൊക്കെയായിട്ടും ഈ വികാരമെന്തെന്നു വായിച്ചറിയാൻ തീരെ കഴിയാതെ പോയ ഒരു രാഷ്ട്രീയ നേതാവിന്റെ ബൗദ്ധിക പാപ്പരത്തമാണ് ആ പ്രസ്താവന സാക്ഷ്യപ്പെടുത്തിയത്.

ജനങ്ങളുടെയും ഘടകകക്ഷികളുടെയും ഉള്ളിൽ പുകയുന്ന അമർഷം അവഗണിച്ചുകൊണ്ട്, ക്രൈസ്തവ സമൂഹത്തിന്റെയും മുസ്ലീം ജനതയുടെയും കെട്ടുറപ്പ് അവരിൽ നിന്നുള്ള ചില നേതാക്കളെ ഉപയോഗിച്ചു തകർക്കാൻ കരുക്കൾ നീക്കിക്കൊണ്ട് പിണറായി വിജയൻ നടത്തിയ ജനാധിപത്യവിരുദ്ധമായ രാഷ്ട്രീയക്കളികൾക്കാണ് ജനങ്ങൾ കനത്ത തിരിച്ചടി നല്കിയിരിക്കുന്നത്. ജനങ്ങൾ പഠിപ്പിച്ച പാഠം ഇനിയെങ്കിലും പശ്ചാത്താപത്തോടെ പഠിക്കാൻ സിപിഎം തയ്യാറാകുമെന്നു പ്രതീക്ഷിക്കാം. മൂന്നു വർഷത്തെ ജനദ്രോഹഭരണത്തിനു ജനങ്ങൾ നല്കിയ സമ്മാനമായി തെരഞ്ഞെടുപ്പു ഫലത്തെ അറിഞ്ഞുൾക്കൊള്ളുകയും വേണം.

അല്ല മറിച്ചാണു ഭാവമെങ്കിൽ, ജനങ്ങൾ കൈയടിച്ചതു പ്രസംഗം നിർത്താനാണെന്നു മനസ്സിലാക്കാതെ തുടരുവാനായിരിക്കുമെന്ന് തെറ്റിദ്ധരിച്ചു നീട്ടി പ്രസംഗിച്ചു സ്വയം വിഡ്ഢിയായ ഒരു നേതാവാണു പിണറായി വിജയനെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തും.

# ഇടതുസർക്കാരിന് അധികാരത്തിൽ തുടരാൻ അർഹതയില്ല

**പി.ടി. ജോസ്**



*കേരളാ കോൺഗ്രസ് (എം) കാസർകോട് ജില്ലാ കമ്മിറ്റിയുടെ അഭിമുഖ്യത്തിൽ റാണിപുരത്ത് സംഘടിപ്പിച്ച നേതൃത്വ കുടുംബസംഗമം സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ജോസ് ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ പ്രസിഡണ്ട് പി.വി. മൈക്കിൾ, അന്നമ്മ ടീച്ചർ മൂന്ന് പീടികയിൽ, ജില്ലാ ജനറൽ സെക്രട്ടറി കെ.എം. ചാക്കോ, ജില്ലാ വൈസ് പ്രസിഡണ്ട് സേവ്യർ കളരിമുറി, ജോർജ്കുട്ടി ഇലഞ്ഞിമറ്റം, ഷിനോജ് ചാക്കോ, ബാബു നെടിയകാലായിൽ, ജോസഫ് മൈക്കിൾ, ചാണ്ടി കടുകൻമാക്കൽ, സ്റ്റീഫൻ ജോസഫ്, ടോമി കള്ളാർ തുടങ്ങിയവർ സമീപം.*

ജനദ്രോഹത്തിന്റെയും സാമൂഹ്യമലിനീകരണത്തിന്റെയും മൂന്നുവർഷങ്ങൾ പൂർത്തിയാക്കിയ സംസ്ഥാനത്തെ ഇടതുസർക്കാരിന് അധികാരത്തിൽ തുടരാൻ യാതൊരർഹതയുമില്ലെന്ന് കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി. ജോസ് കുറ്റപ്പെടുത്തി.

കേരളാ കോൺഗ്രസ് (എം) കാസർകോട് ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ റാണിപുരത്ത് സംഘടിപ്പിച്ച നേതൃത്വ കുടുംബസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭരണം ഇത്ര ബാലിശവും പ്രഹസനവുമായ ഒരു കാലഘട്ടം മുമ്പുണ്ടായിട്ടില്ല. തൊഴുത്തിൽ കുത്തിന്റെയും അധികാരവടംവലിയുടെയും അസംബന്ധമായ വേദിയായി സംസ്ഥാനസർക്കാർ അധഃപതിച്ചു. മുഖ്യമന്ത്രിയും മന്ത്രിമാരും തമ്മിൽ പരസ്പര ബഹുമാനമോ വിശ്വാസമോ ഇല്ല. മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടി സെക്രട്ടറിയും തമ്മിൽ പ്രഖ്യാപിത യുദ്ധം തന്നെയാണ് അരങ്ങേറുന്നത്. പാർട്ടിക്കുള്ളിലും സർക്കാർ തലത്തിലും ഇവർ തമ്മിലുള്ള വെട്ടിനിരത്തൽ മൂലം ഭരണം ചലനമറ്റു കിടക്കുന്നു. മുഖ്യമന്ത്രിയുടെ പ്രഖ്യാപനങ്ങൾ പാർട്ടിയുടെ, ഔദ്യോഗിക നേതൃത്വം തങ്ങൾക്ക് മന്ത്രിസഭയിലുള്ള പൂർണ ആധിപത്യം കൊണ്ട് വീറ്റോ ചെയ്യുന്നു. ഏറ്റവും വലിയ അധികാരമോഹിയും ദുർബലനുമായ മുഖ്യമന്ത്രി എന്ന നിലയിലാകും കേരളചരിത്രത്തിൽ അച്യുതാനന്ദൻ ഇടം പിടിക്കുകയെന്നും പി.ടി. ജോസ് പറഞ്ഞു.

കേരളാ കോൺഗ്രസ് സ്ഥാപക നേതാക്കളിൽ ഒരാളും മുൻ എംഎൽഎയുമായിരുന്ന യശഃശരീരനായ എം.കെ. ജോസഫിന്റെ പത്നി അന്നമ്മ ടീച്ചർ ഭദ്രദീപം കൊളുത്തി കുട്ടികളുടെയും വനിതകളുടെയും കലാസാംസ്കാരിക പരിപാടി ഉദ്ഘാടനം ചെയ്തു.

കേരളാ കോൺഗ്രസ് (എം) കാസർകോട് ജില്ലാ പ്രസിഡണ്ട് പി.വി. മൈക്കിൾ അധ്യക്ഷത വഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി കെ.എം. ചാക്കോ വൈസ് പ്രസിഡണ്ട് സേവ്യർ കളരിമുറി, ജില്ലാ സെക്രട്ടറിമാരായ സജി സെബാസ്റ്റ്യൻ, മൈക്കിൾ പൂവത്താനി, അഡ്വ. സന്തോഷ് പല്ലാട്ട്, നിയോജകമണ്ഡലം പ്രസിഡണ്ടുമാരായ അഡ്വ. ബെന്നി ജോസ്, രാഘവ ചേരാൾ, ജോസഫ് മൈക്കിൾ, ബാബു നെടിയകാല, ഷാജു പാമ്പക്കൽ,ടോമി കള്ളാർ, ഷിനോജ് ചാക്കോ, മേരി ചുമ്മാർ എന്നിവർ പ്രസംഗിച്ചു.



*കേരളാ കോൺഗ്രസ് (എം) റാണിപുരം കുടുംബസംഗമത്തിൽ പങ്കെടുത്തവർ*

രാഷ്ട്രീയം

❖

പി.ടി. ജോസ്

# കണ്ണൂർ ഉപവാസം കാരണങ്ങളും അനന്തരഫലങ്ങളും

**കമ്യൂണിസ്റ്റ് ആധിപത്യപ്രദേശങ്ങളിൽ ആരും സിപിഎമ്മിന് വേണ്ടിയല്ലാതെ പ്രവർത്തിക്കുന്നത് അവർക്ക് ഇഷ്ടമല്ല. അവരുടെ ഇഷ്ടത്തിന് വിരുദ്ധമായി പ്രവർത്തിച്ചവർക്ക് കൊടുക്കുന്ന സമ്മാനം ക്രൂരമായ മർദനമാണ്. ഈ പ്രക്രിയ തിരഞ്ഞെടുപ്പ് ആരംഭിച്ചകാലം മുതൽ നടക്കുന്നു. അതതു സന്ദർഭങ്ങളിൽ ജനാധിപത്യകേന്ദ്രങ്ങളിൽ നിന്നും പ്രതിഷേധം ഉയരാറുണ്ട്. ആ പ്രതിഷേധം കുറെക്കഴിയുമ്പോൾ താനേ കെട്ടടങ്ങും. വീണ്ടും അക്രമം അരങ്ങേറും. ഈ പ്രഹേളിക തുടങ്ങിയിട്ട് കുറെക്കാലമായി. നാൾക്കുനാൾ വർധിക്കുന്നതല്ലാതെ കുറയുന്നില്ല.**

**കേ**രളത്തിന്റെ പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ യുഡിഎഫ് നേതാക്കളും ആയിരക്കണക്കിന് പ്രവർത്തകരും മെയ് മാസം 5ന് കണ്ണൂർ കളക്ട്രേറ്റ് സ്കചയറിൽ ഉപവാസം അനുഷ്ഠിക്കുകയുണ്ടായി. മാർക്സിസ്റ്റ് അക്രമത്തിനെതിരെ ജനമനസ്സാക്ഷിയുണർത്താൻ ആയിരുന്നു ഉപവാസം.

പാർലമെണ്ട് തിരഞ്ഞെടുപ്പ് ദിവസവും അതിനുശേഷവും വടക്കൻ കേരളത്തിൽ, പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ സിപിഎമ്മിന്റെ അക്രമത്തിനിരയായ നൂറു കണക്കിന് യുഡിഎഫ് പ്രവർത്തകർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. ഇത്ര ക്രൂരമായ ആക്രമണം തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ മുതൽ അഴിച്ചുവിടാൻ സിപിഎമ്മിനെ പ്രേരിപ്പിച്ച ചേതോവികാരം എന്താണ്? ആരാണ് ആക്രമിക്കപ്പെട്ടവർ? ആക്രമണത്തിന് ഇരയായവർ ആരൊക്കെയാണ്? വസ്തുതകൾ പരിശോധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകും, തിരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ ഊർജസ്വലരായി പ്രവർത്തിച്ചവർ, പോളിംഗ് സ്റ്റേഷനുകളിൽ ഏജന്റുമാരായി ഇരുന്നവർ, കള്ളവോട്ട് തടയാൻ ശ്രമിച്ചവർ – ഇവരാണ് ഏറെയും അക്രമത്തിനിരയായത്.

ഇതിനു മുമ്പും ബൂത്തിൽ ഇരിക്കുന്ന ഏജന്റുമാരെ ആക്രമിക്കുക കണ്ണൂരിൽ പതിവാണ്. ഇക്കുറിയും അത് കാര്യമായി നടപ്പിലാക്കി. കമ്യൂണിസ്റ്റ് ആധിപത്യപ്രദേശങ്ങളിൽ ആരും സിപിഎമ്മിന് വേണ്ടിയല്ലാതെ പ്രവർത്തിക്കുന്നത് അവർക്ക് ഇഷ്ടമല്ല. അവരുടെ ഇഷ്ടത്തിന് വിരുദ്ധമായി പ്രവർത്തിച്ചവർക്ക് കൊടുക്കുന്ന സമ്മാനം ക്രൂരമായ മർദനമാണ്. ഈ പ്രക്രിയ തിരഞ്ഞെടുപ്പ് ആരംഭിച്ചകാലം മുതൽ നടക്കുന്നു. അതതു സന്ദർഭങ്ങളിൽ ജനാധിപത്യകേന്ദ്രങ്ങളിൽ നിന്നും പ്രതിഷേധം ഉയരാറുണ്ട്. ആ പ്രതിഷേധം കുറെക്കഴിയുമ്പോൾ താനേ കെട്ടടങ്ങും. വീണ്ടും അക്രമം അരങ്ങേറും. ഈ പ്രഹേളിക തുടങ്ങിയിട്ട് കുറെക്കാലമായി. നാൾക്കുനാൾ വർധിക്കുന്നതല്ലാതെ കുറയുന്നില്ല.

**ഒരാൾക്ക് ഒരു വോട്ട് എന്ന ഭരണഘടനാവകാശം കാറ്റിൽ പറത്തുന്നതാണ് കള്ളവോട്ട്. അതു ചെയ്യാനെത്തുന്നവനെ പ്രതിരോധിക്കുന്നവന്റെ പൗരാവകാശം നിഷേധിക്കുന്നു. ഇത് തടയേണ്ടതല്ലേ? അക്രമത്തിനെതിരെ, കള്ളവോട്ട് സംസ്കാരത്തിനെതിരെ ഉപവാസം ഇരുന്നാൽ മാത്രം മതിയോ? ഇന്ത്യൻ ജനാധിപത്യം ഉത്തരം കണ്ടെത്തേണ്ട ചോദ്യങ്ങളാണിവ.**

കൊലപാതകങ്ങൾ, കൈകാലുകൾ വെട്ടൽ, ക്രൂരമായ മർദനങ്ങൾ ഇതിന്റെയെല്ലാം ഫലമായി അച്ഛൻ നഷ്ടപ്പെട്ട കുഞ്ഞുങ്ങൾ, ഭർത്താവ് നഷ്ടപ്പെട്ട ഭാര്യമാർ, തങ്ങൾക്ക് തുണയായിരുന്നവർ ആരോഗ്യം നശിച്ച് മരിച്ച് ജീവിക്കുന്നതുകണ്ട് കരൾപൊട്ടി കരയുന്നവർ, ഇതെല്ലാം കണ്ണൂരിന്റെ ശാപമായി തുടരുന്നു. ആർക്കും കുറ്റബോധമില്ല; തിരുത്തലുകളുമില്ല. കൊലപാതകങ്ങളും, അക്രമങ്ങളും തുടർക്കഥകളാകുന്നു. ഇവിടെ ജനാധിപത്യം പിച്ചിചീന്തപ്പെടുന്നു. പാർലമെണ്ടറി ജനാധിപത്യത്തിന്റെ അന്തസ്സത്ത തകർക്കുന്ന കമ്യൂണിസ്റ്റുകിരാതത്വം.

പാർലമെണ്ടിലേക്കായാലും നിയമസഭയിലേക്കായാലും, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കോ സഹകരണപ്രസ്ഥാനങ്ങളുടെ ഭരണസമിതികളിലേക്കോ ആയാലും, എന്തിനേറെ സർവീസ് സംഘടനാ തിരഞ്ഞെടുപ്പുകളിൽ പോലും കമ്യൂണിസ്റ്റ് പാർട്ടിയുടെ ഈ പിടിച്ചുപറി സംസ്കാരത്തിനു മാറ്റമില്ല. ഇതു കേരളമൊട്ടുക്ക് വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണ് ഇന്നു സിപിഎം.

അധികാരം കൈപ്പിടിയിലൊതുക്കണം. അത് പാർലമെണ്ടറി ജനാധിപത്യവ്യവസ്ഥയുടെ മേലങ്കിയിലും ആകണം. എന്നാൽ പാർലമെണ്ടറി ജനാധിപത്യത്തിന്റെ "സ്വതന്ത്രവും നീതിപൂർവകവും നിഷ്പക്ഷവുമായ" തിരഞ്ഞെടുപ്പ് രീതിയിൽ വിശ്വാസവുമില്ല. അധികാരം തങ്ങൾക്ക് അനുകൂലമാക്കാൻ കൊല്ലും കൊലയും ഉൾപ്പെടെ ഏത് അക്രമവും നടത്താൻ അവർ തയ്യാർ!

ഇവിടെ പരാമർശിക്കുന്നത് തിരഞ്ഞെടുപ്പ് സംബന്ധമായ അക്രമങ്ങൾ മാത്രമാണ്. തിരഞ്ഞെടുപ്പിൽ സജീവമായി പ്രവർത്തിക്കുന്നവരും ബൂത്തിൽ ഇരിക്കാൻ തയ്യാറാകുന്ന ഏജന്റുമാരും എന്തുകൊണ്ടാണ് ആക്രമിക്കപ്പെടുന്നത്? സന്ദേശം വ്യക്തം. ഇരുന്നവന്റെ അനുഭവം ഇതാണ്. ഇനി ആരിരുന്നാലും ഇതായിരിക്കും അനുഭവം. അതുകൊണ്ട് ഏജന്റാകാൻ ആരും മിനക്കെടേണ്ട. തിരഞ്ഞെടുപ്പും വോട്ടിംഗുമൊക്കെ ഞങ്ങൾ തന്നെ ചെയ്തുകൊള്ളാം.

ഇതു പ്രായോഗികമാക്കിയ സ്ഥലങ്ങളിൽ 90 മുതൽ 99 ശതമാനംവരെ പോളിംഗ്! വമ്പിച്ച ജനവിധി! വോട്ടു ചെയ്തവരിൽ ബഹുഭൂരിപക്ഷവും, സിപിഎമ്മിന് അനുകൂലം. എങ്ങനെയുണ്ട് ജനാധിപത്യം? കമ്യൂണിസ്റ്റ് ഗ്രാമങ്ങൾ സൃഷ്ടിക്കുന്ന ജനാധിപത്യം!

തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാരെയും, ഏതെങ്കിലും യുഡിഎഫ് ഏജന്റുമാർ ഇരുന്നാൽ അവരെയും "ദൈവമേ എങ്ങനെയെങ്കിലും അഞ്ച് മണി ഒന്നു കഴിഞ്ഞുകിട്ടിയാൽ മതിയായിരുന്നു" എന്ന് ഉള്ളുരുകി പ്രാർത്ഥിക്കുന്ന പരുവത്തിലാക്കും.

എന്നാൽ അവിടെയെല്ലാം നടപ്പിലാക്കപ്പെടുന്ന ഒരു കമ്യൂണിസ്റ്റ് മാനവികതയുണ്ട്. എല്ലാവർക്കും ഇഷ്ടംപോലെ ഭക്ഷണം. സുഭിക്ഷമായി ഭക്ഷിച്ച് സിപിഎം സംസ്കാരത്തോട് സഹകരിച്ചാൽ മതി. ആർക്കും ഒരു പോറൽ പോലും ഏല്ക്കില്ല. ഈ ജനാധിപത്യത്തിൽ വോട്ടർ തന്നെ അയാളുടെ വോട്ട് രേഖപ്പെടുത്തണമെന്നില്ല. അതും സഖാക്കൾ തന്നെ ചെയ്തുകൊള്ളും! മറ്റൊരാളുടെ വോട്ട് ചെയ്യാൻ തയ്യാറാകുന്ന സഖാവിനെ അത് കള്ളവോട്ടാണെന്ന് പറഞ്ഞ് ചോദ്യം ചെയ്താൽ അഞ്ചുമണിക്ക് ബൂത്തിന് പുറത്തിറങ്ങുമ്പോൾ കിട്ടും സമ്മാനം. ആയുസ്സിന് നീളമുണ്ടെങ്കിൽ ജീവൻ ബാക്കിയാകും.

താഡനത്തിനൊപ്പം ഒരു ഉപദേശവും ഉണ്ടാകും. "വെറുതെയിരുന്നാൽ പോരേ? ഇവിടുത്തെ കാര്യം നോക്കാൻ ഞങ്ങളില്ലേ? അതുകൊണ്ട് മേലിൽ ഇമ്മാതിരിപ്പണി ഇവിടെ വേണ്ട!"

ഇതുതന്നെയാണ് തടസ്സവാദങ്ങൾ ഉയർത്തുന്ന ഉദ്യോഗസ്ഥർക്കും ഉള്ള മറുപടി. ഇവിടുത്തെകാര്യം ഞങ്ങൾ പറയുന്നത് പോലെ ചെയ്താൽ മതി. പക്ഷേ ഒരു കാര്യം. ബൂത്തിനകത്ത് തല്ലില്ല. പുറത്ത് മാത്രമേ തല്ലുള്ളൂ. കാരണം പരിപാവനമായ ജനാധിപത്യപ്രക്രിയ നടക്കുന്ന പോളിംഗ് ബൂത്തിൽ എല്ലാം സമാധാനപരമായിരുന്നു എന്ന് റിപ്പോർട്ട് വരണം. അല്ലെങ്കിൽ സർവസന്നാഹങ്ങളോടുംകൂടി റീ പോളിംഗ് വന്നാലോ? അത്തരം ബുദ്ധിശൂന്യത കാണിക്കാനൊന്നും സിപിഎമ്മിനെ കിട്ടില്ല. ഇനി അഥവാ അങ്ങനെ റീപോളിംഗ് വന്നാൽ വീടുകളിൽ പോയി വിലക്കി കാര്യം നേടാനും അവർക്കറിയാം.

തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ പോലും ആളുകളെ അനുവദിക്കാതിരുന്നുകൊണ്ട് മുഴുവൻ സീറ്റുകളിലും ഏകകണ്ഠമായി സിപിഎം സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു എന്ന് ദേശാഭിമാനിയിൽ ഹെഡ് ലൈൻ നിരത്തി ജനങ്ങളെല്ലാം തങ്ങളോടൊപ്പം എന്ന് പുറംലോകത്തെ അറിയിച്ച് മേനിനടിക്കുമ്പോൾ ഇത് പിടിച്ചുപറിച്ച ജനവിധിയാണെന്ന് മാലോകരറിയുന്നില്ല.

"ഫ്രീ ആൻഡ് ഫെയർ" ഇലക്ഷൻ, അതാണ് ഇലക്ഷൻ കമ്മീഷന്റെ മുദ്രാവാക്യം. അത് നടത്തി "ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നവരെ" കണ്ടെത്തി പാർലമെണ്ടറി ജനാധിപത്യം മഹത്വവത്കരിക്കുന്ന ഇലക്ഷൻ കമ്മീഷനും തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും ഈ പിടിച്ചുപറി സംസ്കാരത്തിന് കൂട്ടുനില്ക്കുന്നുണ്ടോ? അറിഞ്ഞുകൊണ്ട് ആരും അങ്ങനെ ചെയ്യുന്നില്ല. എന്നാൽ അവർ അറിയാതെ അത് നടക്കുന്നു. പിടിച്ചുപറി. കള്ളവോട്ട്, ഒരാൾക്ക് ഒരു വോട്ട് എന്ന ഭരണഘടനാവകാശം കാറ്റിൽ പറത്തുന്നതാണ് കള്ളവോട്ട്. അതു ചെയ്യാനെത്തുന്നവനെ പ്രതിരോധിക്കുന്നവന്റെ പൗരാവകാശം നിഷേധിക്കുന്നു. ഇത് തടയേണ്ടതല്ലേ? അക്രമത്തിനെതിരെ, കള്ളവോട്ട് സംസ്കാരത്തിനെതിരെ ഉപവാസം ഇരുന്നാൽ മാത്രം മതിയോ? ഇന്ത്യൻ ജനാധിപത്യം ഉത്തരം കണ്ടെത്തേണ്ട ചോദ്യങ്ങളാണിവ.

സ്വതന്ത്രവും നീതിപൂർവകവുമായ തിരഞ്ഞെടുപ്പ് തിരിച്ചുകൊണ്ടുവരാൻ, ഇനി നടക്കുന്ന തിരഞ്ഞെടുപ്പുകളിലെങ്കിലും നിഷ്പക്ഷമായി തിരഞ്ഞെടുപ്പ് നടന്നു എന്ന് സമൂഹത്തിന് ബോധ്യമാവാൻ, ഇലക്ഷൻ കമ്മീഷനു തന്നെ അവരിൽ നിക്ഷിപ്തമായിരിക്കുന്ന ഭരണഘടനാ ബാധ്യത നിർവഹിക്കപ്പെട്ടു എന്ന് ഉറപ്പുവരുത്താൻ കഴിയേണ്ടതല്ലേ?

സിപിഎം അനുകൂല സർവീസ് സംഘടനാ പ്രവർത്തകരും നേതാക്കളുമാണ് പലപ്പോഴും ഇലക്ഷൻ ഓഫീസർമാരായി എത്തുന്നത്. അവർ പാർട്ടി നിർദേശം അനുസരിക്കും. കള്ളവോട്ട് തടയാനുള്ള എന്തെല്ലാം മുൻകരുതലുകൾ നടത്തിയാലും അതെല്ലാം അട്ടിമറിക്കപ്പെടും. ഏതാണ്ട് 99% ഇലക്ഷൻ കമ്മീഷന്റെ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടും മറ്റ് ഐഡന്റിറ്റി കാർഡുകൾ ഉപയോഗിക്കാം എന്ന നിർദേശം വന്നു. ആ നിർദേശം ഇപ്രാവശ്യവും പരക്കെ ദുരുപയോഗം ചെയ്യപ്പെട്ടു.

**തിരഞ്ഞെടുപ്പിന് മുൻപു തന്നെ ജില്ലാ വരണാധികാരി പ്രശ്നബാധിത ബൂത്തുകളുടെ ലിസ്റ്റും കാരണവും ആവശ്യപ്പെടും. ഉടനെതന്നെ നിശ്ചിതസമയത്തിനുള്ളിൽ പോലീസ് അത് നല്കും. കേരളാ പോലീസിന്റെ നിഷ്പക്ഷത മനസ്സിലാക്കാൻ കണ്ണൂർ പാർലമെണ്ട് മണ്ഡലത്തിൽ പ്രശ്ബാധിത ബൂത്തുകളും അതിന്റെ കാരണങ്ങളും വിശദീകരിച്ച് പോലീസ് മുഖ്യവരണാധികാരിക്ക് നല്കിയ ലിസ്റ്റ് പരിശോധിച്ചാൽ മാത്രം മതി.**

വ്യാപകമായി കള്ളവോട്ട് ഉണ്ടാക്കാൻ കഴിയുന്നിടത്ത് ഇലക്ഷൻ കമ്മീഷന്റെ തന്നെ വ്യാജ ഐഡന്റിറ്റി കാർഡുകൾ ധാരാളമുണ്ടാക്കുന്നതായി പറയപ്പെടുന്നു. ഗ്രാമീണ മേഖലകളിൽ സർവീസ് സഹകരണബാങ്കുകളുടെ കാർഡുകൾ ധാരാളമുപയോഗിച്ചതായി അറിയുന്നു. ഇതിനെല്ലാം മൗനാനുവാദം കൊടുക്കുകയും തിരഞ്ഞെടുപ്പ് അഴിമതിക്ക് കൂട്ടുനില്ക്കുകയും ചെയ്യാൻ ഈ ഉദ്യോഗസ്ഥർ നിർബന്ധിതരാകുന്നു.

>> 8

കാഴ്ചവട്ടം

പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

# തീക്കട്ട ഉറുമ്പരിക്കും കാലം



ഒരു കൊലക്കേസിന്റെ വിധി പിറ്റേന്നു പറയാൻ വച്ചിരിക്കുകയാണ്. എംപിയുടെ മകനാണ് പ്രതി. അവനെ രക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്വന്തം പിതാവ് ദൂതന്മാരെ ജില്ലാജഡ്ജിയുടെ സമീപത്തേക്കയച്ചു. ജഡ്ജിയാകട്ടെ ദൂതന്മാരെ ചാടിച്ചോടിച്ചു. എന്തുവേണമെങ്കിലും ചെയ്യാമെന്നായി. ദാനം, ഭേദം എന്നിവയൊക്കെ പയറ്റിനോക്കി. എംപി നേരിട്ടുതന്നെ തന്റെ മകനെ രക്ഷിക്കണമെന്നപേക്ഷിച്ചു. തുടർന്നു ഭീഷണിപ്പെടുത്തുകയും ചെയ്തുനോക്കി. ഒന്നും ആ ജഡ്ജിയുടെ മുന്നിൽ ഫലിച്ചില്ല. കുറ്റവാളിയെ മാതൃകാപരമായി ശിക്ഷിച്ചു. തൂക്കിലേറ്റി!

അതോടെ, ക്രൂരതയുടെ വിളനിലമായ എംപി ജഡ്ജിയെ കുരുക്കാനുള്ള ചരടുകൾ വലയാക്കി കാത്തിരുന്നു. വക്രബുദ്ധിയായ തന്റെ അളിയനെ കൂട്ടുപിടിച്ചു. കളിയാരംഭിച്ചു. നിർഭാഗ്യമെന്നു പറയട്ടെ, ഈ ജഡ്ജി പണ്ടു വക്കീലായിരുന്നപ്പോൾ ഒരു പാവപ്പെട്ട യുവതിയുമായി അടുപ്പത്തിലായിരുന്നു. അവളെ പ്രേമിച്ചതു ചതിക്കാനായിരുന്നില്ല. പക്ഷേ, ഫലത്തിൽ ചതിയായി മാറി. കാമുകിയുടെ വയറ്റിൽ മുളപൊട്ടിയ പുതുജീവനെപ്പറ്റി ഒന്നുമറിയാതെയാണയാൾ സ്ഥലംവിട്ടത്.

വക്കീൽ വേറെ വിവാഹം കഴിച്ചു. അതിൽ മക്കളായി, പിന്നീടദ്ദേഹം ജഡ്ജിയായി. കാമുകി എവിടെയോ കഴിയവേ പ്രസവിച്ചു. ഒരു മകൾ. പ്രത്യേക സാഹചര്യത്തിൽ ഈ 'അഭിനവ മകളെ' കാണാൻ ജഡ്ജി രഹസ്യമായി എത്തുന്നു. വാത്സല്യത്തോടെ പെരുമാറിയ പിതാവ്, രഹസ്യസങ്കേതം വിടുന്നതിനു മുമ്പു തന്നെ എംപിയുടെ അളിയനായ വില്ലൻ ഈ പാവപ്പെട്ട യുവതിയെ കഴുത്തുഞെരിച്ചു കൊല്ലുന്നു. സാഹചര്യത്തെളിവുകൾ വച്ചു കൊലപാതകക്കുറ്റം ചുമത്തി ജഡ്ജിയെ അറസ്റ്റ് ചെയ്തു ജയിലിലാക്കി! വധശിക്ഷയ്ക്കു വിധിക്കുകയും ചെയ്യുന്നു. പക്ഷേ, ഇതിനിടെ ജഡ്ജി ജയിൽ ചാടുകയും മക്കളുടെ സഹായത്തോടെ ക്രൂരനായ വക്കീലിനെ കാലപുരിക്കയയ്ക്കുകയും ചെയ്യുന്നു. എന്നിട്ടു ജഡ്ജി സ്വയം വെടിവച്ചു മരിക്കുന്നു. വൻ വിജയം നേടിയ ഒരു മലയാളസിനിമയുടെ കഥയാണ്.

മറ്റൊരു മലയാളസിനിമ. കമ്മീഷനായി നിയമിക്കപ്പെട്ട ജഡ്ജി, തങ്ങൾക്കെതിരായി റിപ്പോർട്ടെഴുതിയതിനെ തുടർന്ന് അദ്ദേഹത്തെ അവർ നിറയുണ്ടയ്ക്ക് ഹോമിച്ചു!

ഇത്തരം കഥകളും സിനിമകളും മലയാളക്കരയിൽ ധാരാളമുണ്ടായിട്ടുണ്ട്. പക്ഷേ, യഥാർത്ഥത്തിൽ വധശിക്ഷകൾ വിധിച്ചിട്ടുള്ള ജഡ്ജിമാർക്കെതിരെ ബന്ധപ്പെട്ടവർ ഒന്നും ചെയ്തതായി കേരളത്തിൽ കേട്ടിട്ടില്ല. എത്രയോ കർക്കശമായ രീതിയിൽ പ്രതികൾ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടിരിക്കുന്നു. പക്ഷേ, ഇതിന്റെ പേരിൽ ന്യായാധിപന്മാരുടെ മേൽ ആരും സാധാരണനിലയിൽ തിരിയാറില്ല. അതാണ് നീതിബോധം. പ്രത്യേകിച്ചും കേരളത്തിന്റെ പാരമ്പര്യം. അതത്രേ നമ്മുടെ സാംസ്കാരികപാരമ്പര്യവും.

അങ്ങനെ വീമ്പുപറയാൻ വരട്ടെ! ന്യായാധിപന്മാരെ ആക്രമിക്കുന്ന കുറ്റവാളികൾ കേരളത്തിൽ ജീവൻ വച്ചു വരികയാണെന്നു തോന്നുന്നു.

കഴിഞ്ഞദിവസം കൊല്ലത്തു വച്ച് ഒരു ജഡ്ജി വെളിപ്പെടുത്തിയ ഭീകരമായ സംഭവം ആരെയും ഞെട്ടിക്കും. ന്യായാധിപനെ വരെ ഞെട്ടിച്ചിരിക്കുന്നു. അല്ല, ന്യായാധിപനെയാണ് ആക്രമിച്ചിട്ടുള്ളതും!

പ്രതിയെ റിമാൻഡ് ചെയ്തതിന്റെ വൈരാഗ്യത്തിൽ തന്റെ കാർ ആക്രമിച്ച ഗുണ്ടയ്ക്കെതിരെ പോലീസ് നടപടിയെടുക്കുന്നില്ലെന്നു പരാതിപ്പെട്ടത് സാക്ഷാൽ ജില്ലാ ജഡ്ജിയാണ്! തിരുവനന്തപുരം ഫാസ്റ്റ് ട്രാക്ക് ജില്ലാ ജഡ്ജി എസ്. സോമനാണ് പരാതിക്കാരൻ. പരാതികൾ മാത്രംകേട്ടു വിധി തീർപ്പുകല്പിച്ചിട്ടുള്ള സാക്ഷാൽ ജഡ്ജി സ്വയം പരാതിക്കാരനായി മാറിയപ്പോൾ നീതി ലഭിച്ചില്ലെന്നു വന്നാൽ? പിന്നെ എവിടെയാണ് നീതി? ഈ ജഡ്ജിക്കെങ്ങനെ ഇനി ഇച്ഛാശക്തിയോടു കൂടി കോടതിമുറിയിൽ നീതിനിർവഹണം നടത്താനാവും? തീക്കട്ട ഉറുമ്പരിക്കുന്ന അവസ്ഥ! ഉറുമ്പിന്റെ ശക്തി എത്ര ഭീകരം?

വാദിക്കും സാക്ഷികൾക്കുമെതിരെ വധഭീഷണി മുഴക്കിയവർക്കെതിരെ നടപടിയെടുത്തതിനാണ് തനിക്കെതിരെ ഗുണ്ടാ ആക്രമണം നടന്നതെന്നാണ് ജില്ലാ ജഡ്ജിയുടെ പരാതി. തിരുവനന്തപുരം കണ്ണമ്മൂലയിൽ ഒരു ചീലാന്തിത്തടി മോഷണം സംബന്ധിച്ച കേസ് ഈ ജില്ലാ ജഡ്ജിയുടെ കോടതിയിൽ വന്നതോടെയാണ് കുഴപ്പങ്ങൾക്കു തുടക്കമായത്. മോഷ്ടാക്കൾ വധഭീഷണി നടത്തിയതോടെ വാദിയും സാക്ഷികളും കോടതിയിൽ മൊഴി പറയാൻ പേടിച്ചു. അതോടെ മുഖ്യമോഷ്ടാവായ രാജേഷിനെ റിമാൻഡ് ചെയ്തു. തുടർന്നു സാക്ഷികൾ അയാൾക്കെതിരെ മൊഴി പറയുകയും നാലു വർഷത്തെ ശിക്ഷ ലഭിക്കുകയും ചെയ്തു.

ഈ വൈരാഗ്യത്തിന്റെ പേരിലാണ് ജഡ്ജിയുടെ വീട്ടിൽ കിടന്ന കാറിനു നേരെ ഗുണ്ടാ ആക്രമണമുണ്ടായത്. വിവരം പോലീസിലറിയിച്ചപ്പോൾ അവരെത്തി എഫ്ഐആർ എടുക്കുകയും ചെയ്തു. പക്ഷേ, കാര്യമായി മേല്നടപടികളുണ്ടായില്ല. തുടർന്നു ജില്ലാ ജഡ്ജി തന്നെ, ഗുണ്ടയെപ്പറ്റിയുള്ള സൂചന പോലീസിനു നല്കുകയുംചെയ്തു. പക്ഷേ, ഇന്നേവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. ഒന്നരവർഷമായി ഒന്നും നടക്കുന്നില്ല!

**പ്രതിയെ റിമാൻഡ് ചെയ്തതിന്റെ വൈരാഗ്യത്തിൽ തന്റെ കാർ ആക്രമിച്ച ഗുണ്ടയ്ക്കെതിരെ പോലീസ് നടപടിയെടുക്കുന്നില്ലെന്നു പരാതിപ്പെട്ടത് സാക്ഷാൽ ജില്ലാ ജഡ്ജിയാണ്! തിരുവനന്തപുരം ഫാസ്റ്റ് ട്രാക്ക് ജില്ലാ ജഡ്ജി എസ്. സോമനാണ് പരാതിക്കാരൻ. പരാതികൾ മാത്രംകേട്ടു വിധി തീർപ്പുകല്പിച്ചിട്ടുള്ള സാക്ഷാൽ ജഡ്ജി സ്വയം പരാതിക്കാരനായി മാറിയപ്പോൾ നീതി ലഭിച്ചില്ലെന്നു വന്നാൽ? പിന്നെ എവിടെയാണ് നീതി? ഈ ജഡ്ജിക്കെങ്ങനെ ഇനി ഇച്ഛാശക്തിയോടു കൂടി കോടതിമുറിയിൽ നീതിനിർവഹണം നടത്താനാവും? തീക്കട്ട ഉറുമ്പരിക്കുന്ന അവസ്ഥ! ഉറുമ്പിന്റെ ശക്തി എത്ര ഭീകരം?**

ഭരണകക്ഷിയുടെ സ്വന്തമാളാണീ ഗുണ്ടയെന്നാണ് ജഡ്ജി കൊല്ലത്തു നടന്ന ഒരു പൊതുസമ്മേളനത്തിൽ വെളിപ്പെടുത്തിയത്. ഈ സംഭവം കേരളത്തിന്റെ നീതിന്യായ വ്യവസ്ഥയെ തന്നെ ലജ്ജിപ്പിക്കുന്ന ഒന്നാണ്. ഇക്കാര്യത്തിൽ രാഷ്ട്രീയം നോക്കാൻ പാടുള്ളതല്ല. ഗുണ്ടയെ ഗുണ്ടയായി തന്നെ കാണണം! ഗുണ്ടയെ വളർത്തുന്നവരെല്ലാം അതിന്റെ കയ്പുനീരും കുടിച്ചിട്ടുണ്ട്!

ഗുണ്ടയ്ക്കു രാഷ്ട്രീയമില്ല. സത്യത്തിൽ രാഷ്ട്രീയക്കാരെ മുതലെടുക്കുകയാണ്! സ്വന്തം കാര്യസാധ്യത്തിനായി രാഷ്ട്രീയ കക്ഷികളുടെ ഗുണ്ടകളായി അഭിനയിക്കുന്നുവെന്നേയുള്ളു! അവരുടെ ലക്ഷ്യം, സ്വന്തം ലക്ഷ്യം മാത്രം!

അല്ഖ്വയ്ദയെ പ്രോത്സാഹിപ്പിച്ച അമേരിക്കൻ ഭരണകൂടമാണ് ഇന്നവരിൽ നിന്ന് ഏറ്റവും കൂടുതൽ ഭീഷണി നേരിടുന്നത്. വേൾഡ് ട്രേഡ് സെന്റർ ഉൾപ്പെടെയുള്ളതെല്ലാം അവർ ഭസ്മീകരിച്ചു. അമേരിക്കയുടെ നട്ടെല്ലാണൊടിച്ചത്. ആ തകർച്ചയാണ് ഇന്നത്തെ സാമ്പത്തിക മാന്ദ്യത്തിൽ വരെ അമേരിക്കയെ എത്തിച്ചതെന്നു പറഞ്ഞാലും തെറ്റില്ല!

അതിനാൽ ഭരിക്കുന്ന കക്ഷികൾ ഈ വിഷയത്തിൽ അലംഭാവം കാട്ടുന്നതു ശരിയല്ല. ഗുണ്ട പോലീസിന്റേതാണോ പാർട്ടിയുടേതാണോ എന്നാണറിയാനുള്ളത്. എന്തായാലും, കേരളത്തിനു തന്നെ നാണക്കേടുണ്ടാക്കിയ ഈ സംഭവത്തെപ്പറ്റി സർക്കാർ മൗനം പലിക്കുന്നതു മറ്റു ചില സംശയങ്ങളിലേക്കുമാണ് വിരൽ ചൂണ്ടുന്നത്.

❖

CYAN MAGENTA YELLOW BLACK

രാഷ്ട്രീയ കേരളം

സാബു ജോൺ

# ഇതു ജനം മുഖമടച്ചു നല്കിയ അടി

നല്ല ഭരണത്തോടു ജനം നല്ലതു പോലെ പ്രതികരിക്കും. ഭരണം മോശമായാൽ ജനം ശിക്ഷിക്കുകയും ചെയ്യും. കേരളത്തിൽ ഇത്തവണ ഭരണവിരുദ്ധ വികാരം ചരിത്രത്തിൽ കാണാത്തവിധം ശക്തമായിരുന്നു.

കേന്ദ്രം ഭരിച്ച കോൺഗ്രസ് സർക്കാരിനോടു ജനത്തിനു പ്രത്യേക മമതയുണ്ടായിരുന്നു. കാരണം കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണം സാധാരണക്കാരനും രാജ്യത്തിനും ഗുണം ചെയ്തെന്ന തോന്നൽ കേരളത്തിലെ സാധാരണക്കാർക്കിടയിൽ പ്രബലമായിരുന്നു. അതുകൊണ്ടുതന്നെ കേരളത്തിലെ യുഡിഎഫ് സ്ഥാനാർഥികൾക്കു ചെയ്ത വോട്ട് കേന്ദ്രത്തിൽ കോൺഗ്രസ് ഭരണത്തിനു കൂടിയുള്ളതായിരുന്നു.

ഇതേസമയം കേരളത്തിൽ സാധാരണക്കാർക്കിടയിൽ ഭരണവിരുദ്ധ വികാരവും അലയടിച്ചു. വെറും ഭരണവിരുദ്ധ വികാരമല്ല, ഭരണക്കാരോടുള്ള വിരുദ്ധവികാരമായിരുന്നു അത്. ഈ രണ്ടു ഘടകങ്ങളും ഒരുമിച്ചു വന്നപ്പോൾ കേരളത്തിൽ യുഡിഎഫ് തരംഗമാണ് ആഞ്ഞടിച്ചത്. അതിൽ ഇടതുകോട്ടകൾ പോലും തകരുന്നത് ഇടതുപക്ഷത്തിനു നോക്കിയിരുന്നു കാണാനേ സാധിക്കുമായിരുന്നുള്ളു.

ക്ഷമയുടെ നെല്ലിപ്പലക തകർന്ന ഒരു സമൂഹത്തിന്റെ വിധിയെഴുത്തു കൂടിയാണു യഥാർഥത്തിൽ കേരളം കണ്ടത്. നിസ്സഹായരെന്നു കരുതിയ ജനത്തെ കൊഞ്ഞനം കാട്ടി അധികാരത്തിന്റെ ഗർവുമായി അഹങ്കരിച്ചു നടന്ന ഇടതുപക്ഷ നേതാക്കൾ, പ്രത്യേകിച്ചു സിപിഎം നേതാക്കൾ തെരഞ്ഞെടുപ്പ് എന്നൊരു കാര്യമുണ്ടെന്നു മറന്നതു പോലെയായിരുന്നു കഴിഞ്ഞ മൂന്നു വർഷത്തോളം പ്രവർത്തിച്ചത്. ആ മറവിക്കു ജനം മുഖമടച്ചു നല്കിയ അടിയാണ് തെരഞ്ഞെടുപ്പ് ഫലം.

കേരളത്തിലെ എല്ലാ വിഭാഗത്തിലും പെട്ട ജനവിഭാഗങ്ങൾ ഇടതുമുന്നണിക്കെതിരായി എന്നാണ് തെരഞ്ഞെടുപ്പുഫലം കാണിക്കുന്നത്. കാരണം വടക്കൻ കേരളത്തിലും മധ്യകേരളത്തിലും തെക്കൻ കേരളത്തിലും ഒരു പോലെ ഇടതുമുന്നണി തകർച്ചയെ നേരിട്ടു. പല മണ്ഡലങ്ങളിലും ഒരു ലക്ഷത്തിനു മുകളിലെത്തിയ യു.ഡി.എഫിന്റെ ഭൂരിപക്ഷം കാണിക്കുന്നത് ഇടതുമുന്നണിയോടു ജനം എത്ര അകന്നു എന്ന് വ്യക്തമാക്കുന്നു.

മൊത്തം ഫലം ഇടതുമുന്നണിക്ക് എതിരായെങ്കിലും ഇടതുകോട്ടകളായ കണ്ണൂരിലെയും വടകരയിലെയും മറ്റും പരാജയമാണ് അവരെ ഞെട്ടിക്കുന്നത്. ഒരു കാലത്തും യുഡിഎഫിനു ജയിച്ചു കയറാമെന്ന് അവർ പോലും കരുതാത്ത ഇടതുകോട്ടകൾ വൻഭൂരിപക്ഷത്തിൽ മറിഞ്ഞത് സിപിഎമ്മിനോട് അവരുടെ അനുഭാവികൾക്കിടയിൽ തന്നെയുള്ള എതിർപ്പിന്റെ തീവ്രത വെളിപ്പെടുത്തുന്നതാണ്.

ഇടതുമുന്നണിയെ വൻ ഭൂരിപക്ഷത്തിൽ അധികാരത്തിലേറ്റിയ അതേജനം തന്നെ മൂന്നു വർഷത്തിനുശേഷം അവരെ ഇത്ര കഠിനമായി ശിക്ഷിച്ചത് വെറുതെയല്ല. കഴിഞ്ഞ മൂന്നു വർഷവും കേരളത്തിൽ നടന്നത് പാർട്ടി പോരു മാത്രമായിരുന്നു. സിപിഎമ്മിലെ പോര് ഇന്ന് അവരുടെ മാത്രം വിഷയമല്ല. കേരളത്തിൽ ഭരണം എന്നൊന്ന് ഇല്ലാതായത് പാർട്ടിയിലെ ഗ്രൂപ്പുപോരിന്റെ ഫലമായാണ്. മുഖ്യമന്ത്രിയെ തോല്പിക്കാൻ പാർട്ടി സെക്രട്ടറിയും സെക്രട്ടറിയെ ഇല്ലാതാക്കാൻ മുഖ്യമന്ത്രിയും തങ്ങളാലാവുന്നതെല്ലാം ചെയ്തപ്പോൾ ജനം ഇരുവരെയും പാഠം പഠിപ്പിച്ചു.

**ക്ഷമയുടെ നെല്ലിപ്പലക തകർന്ന ഒരു സമൂഹത്തിന്റെ വിധിയെഴുത്തു കൂടിയാണു യഥാർഥത്തിൽ കേരളം കണ്ടത്. നിസ്സഹായരെന്നു കരുതിയ ജനത്തെ കൊഞ്ഞനം കാട്ടി അധികാരത്തിന്റെ ഗർവുമായി അഹങ്കരിച്ചു നടന്ന ഇടതുപക്ഷ നേതാക്കൾ, പ്രത്യേകിച്ചു സിപിഎം നേതാക്കൾ തെരഞ്ഞെടുപ്പ് എന്നൊരു കാര്യമുണ്ടെന്നു മറന്നതു പോലെയായിരുന്നു കഴിഞ്ഞ മൂന്നു വർഷത്തോളം പ്രവർത്തിച്ചത്. ആ മറവിക്കു ജനം മുഖമടച്ചു നല്കിയ അടിയാണ് തെരഞ്ഞെടുപ്പ് ഫലം.**

എങ്കിലും ഈ പരാജയം ഏറെ വേദനിപ്പിക്കുന്നത് പിണറായി വിജയനെയും പാർട്ടിയിലെ ഔദ്യോഗികപക്ഷത്തെയുമാണ്. കാരണം ഈ തെരഞ്ഞെടുപ്പിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനെ സമ്പൂർണമായും ഒഴിവാക്കിക്കൊണ്ടുള്ള കളിയായിരുന്നു പിണറായി കളിച്ചത്. സ്ഥാനാർഥി നിർണയത്തിലോ സഖ്യങ്ങൾ ഉറപ്പിക്കുന്നതിലോ വിഎസിനെ വിശ്വാസത്തിലെടുത്തിരുന്നില്ല. പിഡിപി ബന്ധവും ഘടകകക്ഷികളുമായി തെന്നിയതുമെല്ലാം പിണറായിയുടെ തന്നിഷ്ടപ്രകാരമായിരുന്നു. പിന്നീട് സ്ഥാനാർഥികളെ നിർണയിച്ചപ്പോഴും വിഎസുമായി ബന്ധമുള്ളവരെയെല്ലാം വെട്ടിമാറ്റി, പിണറായി സ്വന്തം ഇഷ്ടക്കാരെ നിർത്തി.

പിണറായി പക്ഷത്തുതന്നെയുള്ളവരുടെ എതിർപ്പോടുകൂടിയായിരുന്നു കണ്ണൂരിൽ കെ.കെ. രാഗേഷിനെയും കോഴിക്കോട് റിയാസിനെയുമൊക്കെ മത്സരിപ്പിച്ചത്. തെരഞ്ഞെടുപ്പിൽ സാമാന്യം ഭേദപ്പെട്ട വിജയം നേടിയിരുന്നെങ്കിൽ അതു പിണറായി വിജയന്റെ മാത്രം വിജയമാകുമായിരുന്നു.

മാത്രമല്ല, തെരഞ്ഞെടുപ്പിനു ശേഷം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനെ തന്നെ മാറ്റാനുള്ള നീക്കങ്ങളാണ് പിണറായി നടത്തിവന്നത്. എന്നാൽ തെരഞ്ഞെടുപ്പിലെ കൂട്ടത്തോല്‌വി പിണറായിയുടെ പദ്ധതികളെല്ലാം പൊളിച്ചിരിക്കുകയാണ്. തത്ക്കാലത്തേക്കെങ്കിലും വിഎസിനെ തൊടാൻ പിണറായിക്കും കൂട്ടർക്കും സാധിക്കില്ല. ആ അർഥത്തിൽ ഈ തെരഞ്ഞെടുപ്പുഫലത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താവ് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ തന്നെയാണ്.

പാർട്ടിക്കുള്ളിലെ വിഭാഗീയത എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ഗ്രൂപ്പുകളി ഇനിയും ശമിക്കുമെന്നു കരുതാനാകില്ല. അതു തടയാനുള്ള ശേഷി കേന്ദ്രനേതൃത്വത്തിനും നഷ്ടപ്പെട്ടിരിക്കുകയാണ്. കാരണം കേരളത്തിൽ പിണറായി വിജയനെന്നതു പോലെ കേന്ദ്രത്തിൽ പ്രകാശ് കാരാട്ട് നടത്തിയ രാഷ്ട്രീയനീക്കങ്ങളും പരാജയപ്പെട്ടെന്നു ലവലേശം പോലും സംശയം അവശേഷിക്കാത്തവിധം തെളിഞ്ഞിരിക്കുന്നു. കാരണം സിപിഎമ്മിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും കനത്ത പരാജയമാണ് അഖിലേന്ത്യാതലത്തിലും ആ പാർട്ടി നേരിട്ടിരിക്കുന്നത്. ദേശീയ രാഷ്ട്രീയത്തിൽ ഒരു നിർണായക ശബ്ദമാകാനുള്ള ശേഷി പോലും നഷ്ടപ്പെട്ട നിലയിലായി ഇടതുപക്ഷം ഇന്ന്.

ആണവകരാറിന്റെ പേരിൽ കേന്ദ്രസർക്കാരിനു പിന്തുണ പിൻവലിച്ചതിനു ശേഷം സിപിഎം നടത്തിയ രാഷ്ട്രീയനീക്കങ്ങളെല്ലാം പരാജയപ്പെട്ടതായി ഇപ്പോൾ വിലയിരുത്താൻ സാധിക്കും. അതിന് ഉത്തരവാദി പ്രകാശ് കാരാട്ട് തന്നെ. സ്വഭാവികമായും അങ്ങനെ ദുർബലനായ കാരാട്ടിനോ കേന്ദ്രനേതൃത്വത്തിനോ ഇനി കേരളത്തിൽ വി.എസ്. അച്യുതാനന്ദനെയോ പിണറായി വിജയനെയോ മര്യാദ പഠിപ്പിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഫലത്തിൽ വിഎസ് മുഖ്യമന്ത്രിയായും പിണറായി പാർട്ടി സെക്രട്ടറിയായും തുടരും. പാർട്ടിക്കുള്ളിലെ അടിയും പൂർവാധികം ശക്തിയായി തുടർന്നുകൊണ്ടിരിക്കും.

ഇതിനിടയിലും കേരള രാഷ്ട്രീയത്തിൽ ഏറെ മാറ്റങ്ങൾക്കുള്ള സാധ്യത ഈ തെരഞ്ഞെടുപ്പു തുറന്നു കൊടുത്തിരിക്കുകയാണ്. ജനതാദളിന്റെ ഭാവി, നാലു സീറ്റും തോറ്റ സിപിഐയുടെ മുന്നോട്ടുള്ള നിലപാടുകൾ, പിഡിപി സഖ്യത്തിന്റെ ഭാവി എല്ലാം ഇനിയും നിശ്ചയിക്കപ്പെടാനുള്ള കാര്യങ്ങൾ തന്നെ. മുന്നണിക്കകത്തുള്ള ഘടകകക്ഷികൾക്കു തത്ക്കാലത്തേക്ക് ആശ്വസിക്കാം. സിപിഎമ്മിന്റെ കുതിരകയറ്റത്തിൽ നിന്നു കുറേക്കാലത്തേക്കെങ്കിലും രക്ഷപ്പെടാമല്ലോ!




ഏതായാലും ജനങ്ങൾ വിഡ്ഢികളല്ലെന്ന് ഒരിക്കൽ കൂടി തെളിയിച്ചു. ഭരണത്തിൽ കയറിയ ശേഷം എന്തു വൃത്തികേടും കാണിക്കാമെന്നു കരുതിയവരെ അവർ നല്ല പാഠം പഠിപ്പിച്ചു. ഉജ്ജ്വലവിജയം നേടിയ യുഡിഎഫുകാരും ഈ പാഠം മനസ്സിൽ വയ്ക്കുന്നതു നന്നായിരിക്കും. കാരണം ഇന്ന് ഇടതുമുന്നണിയെ ശിക്ഷിച്ചവർക്ക്, വേണ്ടിവന്നാൽ യുഡിഎഫുകാരെ ശിക്ഷിക്കാനും ഒരു മടിയും ഉണ്ടാകില്ല.

തെരഞ്ഞെടുപ്പു കാലത്തെ ഒരു പ്രസ്താവന ഓർമിച്ചു കൊണ്ട് അവസാനിപ്പിക്കാം. ഈ തെരഞ്ഞെടുപ്പിൽ പിന്തിരപ്പന്മാരെ ജനം തിരിച്ചറിയുമെന്നു പിണറായി വിജയൻ നടത്തിയ പ്രസ്താവനയാണത്. പിന്തിരപ്പന്മാർ ആരെന്ന് പിണറായിക്ക് ഇപ്പോൾ മനസ്സിലായിക്കാണും!

CYAN MAGENTA YELLOW BLACK